പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 777** **10.06.2019-ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ പഠനനിലവാരം**

**ചോദ്യം**

**ശ്രീ.ആന്റണി ജോൺ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ആദിവാസി മേഖലകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | ആദിവാസി മേഖലകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഇതിന്റെ ഭാഗമായി കോതമംഗലം നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികളിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | 1. കോതമംഗലം നിയോജകമണ്ഡലത്തിലെ ഇളംബ്ലാശ്ശേരി, പിണവൂർക്കുടി, വെള്ളാരംകുത്ത് എന്നീ കോളനികളിൽ 2018 മാർച്ചിൽ സാമൂഹ്യ പഠനമുറി പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>2. 2016,2017,2018 വർഷങ്ങളിലായി കോതമംഗലം നിയോജകമണ്ഡലത്തിലെ 16 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്.<br>3. സാക്ഷരതാ മിഷന്റെ ഭാഗമായി സമഗ്ര പദ്ധതിയിലൂടെ 2018-19 വർഷം കോതമംഗലം നിയോജകമണ്ഡലത്തിലെ 240 പേർ രജിസ്റ്റർ ചെയ്യുകയും 125 പേർ വിജയിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം ടി പദ്ധതിയൽ 226 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>4. വകുപ്പിന് കീഴിൽ ജില്ലയിൽ പ്രവർത്തിക്കുന്ന നാല് പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിന്റെ ഭാഗമായി കമ്പ്യൂട്ടർ പരിശീലന ക്ലാസുകൾ നടത്തിയിട്ടുണ്ട്.<br>5. കോർപ്പസ് ഫണ്ട് , പ്രത്യേക കേന്ദ്ര സഹായ |

| | | | |
|---|---|---|---|
| | | | പദ്ധതി എന്നിവയിലുൾപ്പെടുത്തി 2017-18, 2018-19 വർഷങ്ങളിൽ പിണവൂർക്കുടി ഹൈസ്കൂളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സമഗ്ര വിദ്യാഭ്യാസ പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>6. ജില്ലയിലെ 4 പ്രീമെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി 2016-17-ൽ 18,12,522/- രൂപയും , 2017-18-ൽ 4,35,000/-രൂപയും അനുവദിച്ചിട്ടുണ്ട്. |
| സി) | കോതമംഗലം നിയോജകമണ്ഡലത്തിലെ എത്ര കുട്ടികൾക്ക് പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ; | സി) | വിവിധ പദ്ധതികളിലായി ആകെ 958 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. |
| ഡി) | ആദിവാസി കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ? | ഡി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 17 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സിക്കും, പ്ലസ്ടുവിനും പഠിക്കുന്ന കുട്ടികളിൽ ഓരോന്നിലും കുട്ടികൾക്ക് വർഷാവസാന പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് അടക്കം നേടി മികച്ച വിജയം നേടാൻ കർമ്മ പരിപാടി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. |

Hari

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**1) ഗോത്രബന്ധു പദ്ധതി**

പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപക യോഗ്യതയുള്ള യുവതീയുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെയും അട്ടപ്പാടിയിൽ 26 പേരെയും നിയമിച്ചു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാനും അഭ്യസ്ഥവിദ്യരായ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് തൊഴിൽ നൽകുവാനും ഈ പദ്ധതി മുഖേന സാധ്യമായിട്ടുണ്ട്.

**2) സാമൂഹ്യപഠനമുറി**

പട്ടിക വർഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 100 പട്ടികവർഗ കോളനികളിൽ സാമൂഹ്യ പഠന മുറികൾ ആരംഭിച്ചു. 500 പഠന മുറികൾ കൂടി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിൽ 100 എണ്ണം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 150 പഠനമുറികൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടി ഇതിനകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

**3) സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി**

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷം തോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകി വരുന്നു. പരിശീലനം ലഭിച്ചതിൽ 23 വിദ്യാർത്ഥികൾക്ക് വിവിധ സൈനിക- നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

**4) ലാപ്ടോപ്പ് വിതരണം**

2018-19 വർഷം മുതൽ 32 കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് അനുവദിക്കുവാൻ ഉത്തവായതിൻ പ്രകാരം 468 കുട്ടികൾ ലാപ് ടോപ്പ് വിതരണത്തിന് അർഹരായിട്ടുണ്ട്.

**5) സമഗ്ര – സാക്ഷരതാ പദ്ധതി**

പട്ടികവർഗ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്.

പട്ടികവർഗ കോളനികളിൽ സാക്ഷരത മിഷൻ മുഖേന പഠനക്ലാസുകൾ നടത്തി വിവിധ ക്ലാസുകളിലെ തുല്യത പരീക്ഷയ്ക്ക് പട്ടികവർഗ്ഗക്കാരെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**6) വിദേശപഠനത്തിനുള്ള ധനസഹായം**

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

**7) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും.**

വകുപ്പിന് കീഴിലുള്ള 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 5739 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു. ഈ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നതിന് സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, സി.സി.റ്റി.വി, സോളാർ പവർ പ്ലാന്റ്, മൾട്ടി പർപ്പസ് സിന്തറ്റക് കോർട്ട്, മിനി മാസ്റ്റ് ലൈറ്റ്, മിന്നൽ രക്ഷാചാലകം, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പ്ലാന്റ്, സിന്തറ്റിക് ട്രാക്ക് നിർമ്മാണം, സ്റ്റീം അടുപ്പുകൾ സ്ഥാപിച്ച് അടുക്കള നവീകരണ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഫയർ എക്സ്റ്റിംഗ്വഷർ സിസ്റ്റം, ഔട്ട് ഡോർ ഫിറ്റ്നെസ് സെന്റർ, ഡിജിറ്റൽ ലൈബ്രറി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി പ്രാരംഭ ഘട്ടത്തിലാണ്.

എം.ആർ.എസ് കണിയാമ്പറ്റയിൽ ആർച്ചറി പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് വിദഗ്ധ സഹായം ഉറപ്പു വരുത്തുന്നതിലേക്ക് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഔർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ എം.ആർ.എസ് ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിൽ ഉള്ള എം.ആർ.എസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി ആരംഭിച്ചു. കൂടാതെ പുതുതായി 1 എം.ആർ.എസും, 1 സ്പോർട്സ് സ്കൂളും ആരംഭിക്കുന്നതിന് പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

**8) ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും.**

വകുപ്പിന് കീഴിൽ 105 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. 7017 കുട്ടികൾ ഈ ഹോസ്റ്റലുകളിൽ താമസിച്ച് പഠനം നടത്തുന്നു. 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ ആറെണ്ണം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രവർത്തനം ആരംഭിച്ചവയാണ്.

ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിക്കുന്ന മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന രണ്ട് പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് 4 പ്രീ-മെട്രിക് ഹോസ്റ്റലും 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലും ഒരു യൂത്ത് ഹോസ്റ്റലും, നാട്ടുകാണി, ഐ.റ്റി.ഐയിൽ അക്കാദമിക് ബ്ലോക്കും ഹോസ്റ്റൽ ബ്ലോക്കും നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാകുകയും 3 പ്രീ-മെട്രിക് ഹോസ്റ്റലിന്റെയും നാട്ടുകാണി ഐ.റ്റി.ഐയിൽ ഹോസ്റ്റൽ - അക്കാദമിക് ബ്ലോക്കിന്റെയും പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു.

കൂടാതെ നാല് ഹോസ്റ്റലുകൾ പുതുതായി നിർമ്മിക്കുന്നതിനുള്ള കേന്ദ്രാനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**